സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും 2022-2023 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത 2023 ലെ ഓണം അഡ്വാൻസ് എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 9010/2023/Est-I** നന്തൻകോട്, **21/08/2023**

---

പരാമർശം :- 1) സ.ഉ. (അച്ചടി) നം: 85/2023/ധന, തീയതി 16-08-2023.
2) സ.ഉ. (അച്ചടി) നം: 86/2023/ധന, തീയതി 16-08-2023.
3) ദേവസ്വം അക്കൗണ്ട് ആഫീസറുടെ 18-08-2023 ലെ ഡി.എ. 623/23/ഇ-1 നമ്പർ റിമാർക്സ്.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം 2022-2023 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, 2023 ലെ ഓണം അഡ്വാൻസ് എന്നിവ അനുവദിച്ചു. സർക്കാർ ജീവനക്കാർക്ക് അനുവദിച്ച പ്രസ്തുത ആനുകൂല്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി (പരാമർശം-2). പരാമർശം 1, 2 സർക്കാർ ഉത്തരവുകളും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും, പെൻഷൻകാർക്കും 2022-2023 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, ജീവനക്കാർക്ക് 2023 ലെ ഓണം അഡ്വാൻസ് എന്നിവ ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും കാരാണ്മ ഒഴികെയുള്ള ക്ഷേത്രങ്ങളിൽ ജോലിനോക്കുന്ന എല്ലാ ക്ലാസ്സ് IV ജീവനക്കാർക്കും അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, വ്യക്തിഗത ബത്ത, പ്രത്യേക വേതനം, പ്രത്യേക ബത്ത, ക്ഷാമബത്ത എന്നിവ ഉൾപ്പെടെ ശമ്പളപരിഷ്ക്കരണത്തിന് ശേഷം 31-03-2023 -ൽ 36,166/- രൂപയോ അതിൽ കുറവോ, ശമ്പളപരിഷ്ക്കരണത്തിന് മുൻപ് 31-03-2023 -ൽ 32,640/- രൂപയോ അതിൽ കുറവോ, "ആകെ വേതനം" കൈപ്പറ്റുന്നവർക്ക് 2022-2023 -ലെ ബോണസ് 4,000/-(നാലായിരം) രൂപ നിരക്കിൽ അനുവദിച്ചിരിക്കുന്നു.

(i) പ്രതിമാസം 4,000/- രൂപയിൽ അധികവും എന്നാൽ 36,166/- (പുതിയ സ്കെയിൽ) 32,640/- (പഴയ സ്കെയിൽ) രൂപയിൽ അധികരിക്കാത്തതുമായ 'ആകെ വേതനം' കൈപ്പറ്റുന്നവർക്ക് പ്രതിമാസ വേതനം 4000/- രൂപ എന്ന തോതിൽ ബോണസ് കണക്കു കൂട്ടേണ്ടതാണ്. 31-03-2023 –നോ അതിനുമുമ്പോ നിലവിൽ നൽകി വരുന്ന പരിഷ്ക്കരിച്ച ശമ്പളസ്കെയിൽ ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ 'ആകെ വേതനം' എന്നാൽ അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, പ്രത്യേക ബത്ത, പ്രത്യേക വേതനം, വ്യക്തിഗത ബത്ത എന്നിവയും പരിഷ്ക്കരിച്ച സ്കെയിലിലെ 7 % ക്ഷാമബത്തയും ചേർന്നതായിരിക്കും. എന്നാൽ വീട്ടുവാടകബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ഒഴിവാക്കുന്നതാണ്.

(ii) പരിഷ്ക്കരണത്തിന് മുമ്പുള്ള ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ 'ആകെ വേതനം' എന്നത് മേൽ ഖണ്ഡിക (1) –ൽ പരാമർശിച്ചിരിക്കുന്നതുപോലെയും എന്നാൽ അതിൽനിന്നും വ്യത്യസ്തമായി ശമ്പള പരിഷ്ക്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 36 % ക്ഷാമബത്ത ചേർന്നതും വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാര ബത്തകളും ഒഴിവാക്കിയതുമാണ്.

2. 31–03–2023 –ൽ സർവ്വീസിലുള്ളതും, 2022–2023 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായി സർവ്വീസിലുള്ളതുമായ ജീവനക്കാർക്ക് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

3. 2022–2023 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായോ ഭാഗികമായോ സസ്പെൻഷനിലായിരുന്ന സ്ഥിരം ജീവനക്കാർ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്കോ അതിനുമുമ്പോ സർവ്വീസിൽ പുന:പ്രവേശിക്കുകയും, സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹമായ അവധിയായോ പരിഗണിച്ച് ആ കാലയളവിലെ ശമ്പളം പൂർണ്ണമായും കൈപ്പറ്റുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ബോണസ്/ഉത്സവ ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

4. മേൽ വ്യവസ്ഥകൾ പ്രകാരം ബോണസിന് അർഹതയില്ലാത്ത എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർ, ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന കാരാണ്മ ഉൾപ്പെടെയുള്ള ക്ലാസ്സ് IV ജീവനക്കാർ, ഫുൾടൈം കാരാണ്മ ലാവണത്തിലുള്ള ഡിപ്പാർട്ടുമെന്റ് നോമിനികൾ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 2,750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ വീതം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

5. ഫുൾടൈം ലാവണങ്ങളിലെ സ്ഥിരം ഒഴിവുകളിൽ കുറഞ്ഞത് ആറ് മാസമെങ്കിലും തുടർച്ചയായി ജോലി നോക്കുകയും നാലാം ഓണം (31–08–2023) വരെ ജോലിയിൽ തുടരുന്നതുമായ കോൺട്രാക്റ്റ് ജീവനക്കാർക്ക് 2750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ ക്രമം ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

6. കാരാണ്മ ഉൾപ്പെടെയുള്ള എല്ലാ പാർട്ട്–ടൈം ജീവനക്കാർക്കും 2,750/– (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ ക്രമം ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

7. ദേവസ്വം ബോർഡ് കോമ്പൗണ്ടിലേയും മറ്റ് ആഫീസുകളിലേയും സ്വീപ്പേഴ്സ്, സാനിറ്ററി വർക്കേഴ്സ് എന്നീ വിഭാഗക്കാർക്ക് ബോണസോ/പ്രത്യേക ഉത്സവബത്തയോ ഇവയിൽ ഏതാണോ കൂടുതൽ ആയത് അനുവദിച്ചിരിക്കുന്നു.

8. വൈക്കം, ആറ്റിങ്ങൽ എന്നീ ക്ഷേത്ര കലാപീഠങ്ങളിൽ ശമ്പളസ്കെയിലിൽ ജോലി നോക്കിവരുന്ന അദ്ധ്യാപകർക്ക് 1 മുതൽ 4 വരെയുള്ള ഖണ്ഡികകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണസ്/പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

9. വൈക്കം, ആറ്റിങ്ങൽ എന്നീ ക്ഷേത്ര കലാപീഠങ്ങളിൽ ജോലി നോക്കിവരുന്ന ഫുൾടൈം അദ്ധ്യാപകർക്ക് 2,750/– (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ ക്രമവും പാർട്ട്–ടൈം ജീവനക്കാർക്ക് 1,210/– (ആയിരത്തി ഇരുന്നൂറ്റി പത്ത്) രൂപ ക്രമവും പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

10. ദേവസ്വം ബോർഡ് പ്രസ്സിലെ സ്ഥിരം ജീവനക്കാർക്ക് 1 മുതൽ 4 വരെയുള്ള ഖണ്ഡികകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണസ്/പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

11. ദേവസ്വം ബോർഡ് പ്രസ്സിലേയും ആഫീസുകളിലേയും ദിവസവേതന ജീവനക്കാർ, ദേവസ്വം ബോർഡ് കോമ്പൗണ്ടിലും ക്ഷേത്രങ്ങളിലും നിയോഗിച്ചിട്ടുള്ള സെക്യൂരിറ്റി ജീവനക്കാർ എന്നീ വിഭാഗങ്ങളിലുള്ളവരിൽ ഒന്നാം ഓണത്തിന് മുമ്പ് (28–08–2023) സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണത്തിന് മുമ്പ് (31–08–2023) സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെടാനിടയില്ലാത്തതുമായവർക്ക് 1,210/– (ആയിരത്തി ഇരുന്നൂറ്റി പത്ത്) രൂപ വീതം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

12. വൈക്കം, ആറ്റിങ്ങൽ എന്നീ ക്ഷേത്ര കലാപീഠങ്ങളിലെ വിദ്യാർത്ഥികൾക്ക് 250/– (ഇരുന്നൂറ്റി അൻപത്) രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

13. തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ്, ക്ഷേത്രവിഭാഗങ്ങളിലെ ജീവനക്കാരായിരുന്ന് പെൻഷനായവരിൽ ബോണസ്/പ്രത്യേക ഉത്സവബത്തയ്ക്ക് അർഹതയില്ലാത്തവർ, എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്രവിഭാഗം ഫാമിലി പെൻഷൻകാർ, എക്സ്ഗ്രേഷ്യാ പെൻഷൻകാർ (exgratia in lieu of pension), ക്ഷേത്രജീവനക്കാരായിരുന്ന് 01–4–1985 ന് മുൻപ് സർവ്വീസിൽ നിന്നും പിരിഞ്ഞ എക്സ്ഗ്രേഷ്യാ പെൻഷൻകാർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 1,000/– രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

....4

14. ആശ്രിത നിയമന ലിസ്റ്റിൽ നിന്നും പ്രൊവിഷണലായി നിയമനം ലഭിച്ച് 31-03-2023 ൽ സർവ്വീസിൽ ഉള്ളതും എന്നാൽ നാലാം ഓണത്തിന് മുമ്പ് (31-08-2023) സേവനം അവസാനിപ്പിച്ച് സർവ്വീസിൽനിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർക്ക് 2,750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

15. ബോർഡിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ സ്പെഷ്യൽ ആഫീസർമാരായി നിയമിച്ചിട്ടുള്ളതും 31-03-2023 ൽ പ്രസ്തുത രീതിയിൽ ബോർഡ് സർവ്വീസിൽ ഉള്ളതുമായ ഉദ്യോഗസ്ഥർക്ക് 2,750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

16. 01-04-2023 നോ ശേഷമോ സ്ഥിരം തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്ര ജീവനക്കാർക്ക് 2,750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ വീതം ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

17. ക്ഷേത്ര കലാപീഠത്തിൽ നിന്നും പഠിച്ചിറങ്ങി ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ സ്ഥിരം ഒഴിവുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായി ജോലി നോക്കുകയും നാലാം ഓണത്തിന് മുമ്പ് (31-08-2023) സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെടാനിടയില്ലാത്തതുമായ ഫുൾടൈം ജീവനക്കാർക്ക് 2,750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപയും പാർട്ട്ടൈം ജീവനക്കാർക്ക് 1,210/- (ആയിരത്തി ഇരുന്നൂറ്റി പത്ത്) രൂപ ക്രമവും പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

18. 31-03-2024 ന് മുൻപായി ബോണസ്/പ്രത്യേക ഉത്സവബത്ത പിൻവലിക്കേണ്ടതാണ്. അതാത് വ്യക്തികളുടെ ശമ്പളവും ബത്തകളും/വേതനം/പെൻഷൻ എന്നിവ ഏത് കണക്ക് ശീർഷകത്തിൽ നിന്നാണോ മാറ്റുന്നത് അതേ കണക്ക് ശീർഷകത്തിൽ നിന്ന് തന്നെ ചെലവും വഹിക്കേണ്ടതാണ്.

19. ബോർഡിന്റെ കീഴിലുള്ള എല്ലാ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന കാരാണ്മ ഉൾപ്പെടെയുള്ള Class IV ജീവനക്കാർക്കും സംസ്ഥാന സർക്കാരിലെ ക്രമം പരമാവധി 20,000/- രൂപക്രമവും ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന പാർട്ട്ടൈം ജീവനക്കാർക്കും പാർട്ട്ടൈം തൂപ്പുകാർക്കും പരമാവധി 6,000/- രൂപ ക്രമവും ഓണം അഡ്വാൻസ് നൽകുന്നതിന് അനുവദിക്കുന്നു. ആയത് 5 തുല്യ ഗഡുക്കളായി 10/2023 ലെ ശമ്പളം മുതൽ തിരികെ ഈടാക്കേണ്ടതാണ്.

....5

ഓണം അഡ്വാൻസ് അനുവദിച്ച് നൽകുമ്പോൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടുത്തം വരുത്താനാവശ്യമായ തുക നീക്കിയിരിപ്പുണ്ടോ എന്ന് കൂടി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. ഓണത്തിനുശേഷം ഓണം അഡ്വാൻസ് അനുവദിക്കാൻ പാടുള്ളതല്ല.

2022–2023 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, 2023 ലെ ഓണം അഡ്വാൻസ് എന്നിവ 22-08-2023 മുതൽ പ്രാബല്യത്തിൽ വിതരണം ചെയ്യുന്നതിന് അനുവദിച്ചിരിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

ഉള്ളടക്കം : 1. സ.ഉ (അച്ചടി) നം. 85/2023/ധന തീയതി 16–08–2023
2. സ.ഉ (അച്ചടി) നം. 86/2023/ധന തീയതി 16–08–2023

പകർപ്പ് :–

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും 2022 - 23 ലെ ബോണസ്/ പ്രത്യേക ഉത്സവബത്ത - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ ( ലോൺസ്) വകുപ്പ്

**സ.ഉ.(അച്ചടി)നം.85/2023/ധന** **തിരുവനന്തപുരം, തീയതി: 16-08-2023**

പരാമർശം:- 30.08.2022-ലെ സ.ഉ.(അച്ചടി) നമ്പർ 101/2022/ധന.

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫുൾടൈം കണ്ടിജന്റ് / മറ്റ് വിഭാഗത്തിലുള്ള ജീവനക്കാർക്കും ബോണസ്/ പ്രത്യേക ഉത്സവബത്ത നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

## <u>ബോണസ്</u>

2. സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിലവിൽ പ്രാബല്യത്തിലുള്ള ശമ്പള സ്കെയിലുകളിൽ (പതിനൊന്നാം ശമ്പള പരിഷ്കരണത്തിനുശേഷം) 31.03.2023-ൽ 36166/- രൂപയോ അതിൽ കുറവോ, പതിനൊന്നാം ശമ്പള പരിഷ്കരണത്തിനു മുമ്പ് 31.03.2023-ൽ 32640/- രൂപയോ അതിൽ കുറവോ "ആകെ വേതനം", കൈപ്പറ്റുന്ന സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും (മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫ് ഉൾപ്പെടെ) സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവ്വീസിലെ ഓഫീസർമാർക്കും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെയും പ്രാദേശിക സർക്കാരുകളിലെയും ജീവനക്കാർക്കും 2022 - 23 ലെ ബോണസ് 4,000/- രൂപ നിരക്കിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, വരുന്ന ഓണത്തിനു മുമ്പായി നൽകുന്നതാണ്.

i. പ്രതിമാസം 4,000/- രൂപയിൽ അധികവും എന്നാൽ 36,166/- (പുതിയ സ്കെയിൽ) 32640/- (പഴയ സ്കെയിൽ) രൂപയിൽ അധികരിക്കാത്തതുമായ " ആകെ വേതനം" കൈപ്പറ്റുന്നവർക്ക് പ്രതിമാസ വേതനം 4,000/- രൂപ എന്ന തോതിൽ ബോണസ് കണക്കാക്കേണ്ടതാണ്.

ii. 31.03.2023-നോ അതിനുമുമ്പോ പതിനൊന്നാം പരിഷ്കരിച്ച ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ "ആകെ വേതനം", എന്നാൽ അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, പ്രത്യേക ബത്ത, പ്രത്യേക വേതനം, വ്യക്തിഗത ബത്ത എന്നിവയും പരിഷ്കരിച്ച ശമ്പള സ്കെയിലിലെ 7% ക്ഷാമബത്തയും ചേർന്നതായിരിക്കും. എന്നാൽ വീട്ടുവാടകബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ഒഴിവാക്കുന്നതാണ്.

iii പത്താം ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ "ആകെ വേതനം" എന്നത് അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, പ്രത്യേക ബത്ത, പ്രത്യേക വേതനം, വ്യക്തിഗത ബത്ത എന്നിവയും (മേൽ ഖണ്ഡിക (ii)ൽ പരാമർശിച്ചിരിക്കുന്നതുപോലെയും എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി പരിഷ്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിലെ) അടിസ്ഥാന ശമ്പളത്തിന്റെ 36% ക്ഷാമബത്ത ചേർന്നതും വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാര ബത്തകളും ഒഴിവാക്കിയതുമാണ്.

iv. പ്രത്യേക വേതനത്തിന്റെ (Special Pay) ക്ഷാമബത്തയിലുള്ള കുറവ് സംരക്ഷിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വ്യക്തിഗത ബത്തയും ഇത്തരം കേസുകളിൽ ബോണസിന് കണക്കാക്കുന്ന ആകെ വേതനത്തിൽ ഉൾപ്പെടുത്തി പരിഗണിക്കേണ്ടതാണ്.

v. മാർച്ച് 2023-ൽ പഠന അവധി, അർദ്ധ വേതനാവധി, ശൂന്യവേതനാവധി (KSR Appendix XII പ്രകാരമുള്ള ശൂന്യവേതനാവധി ഒഴികെ), മുൻകൂർ അവധി എന്നിങ്ങനെയുള്ള അവധിയിലായിരുന്ന ജീവനക്കാരുടെ ബോണസ്, അത്തരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് വാങ്ങിയ വേതനത്തെ അടിസ്ഥാനമാക്കിയായിരിക്കും കണക്കാക്കുന്നത്.

vi. 08.02.2021-ലെ സ.ഉ.(അച്ചടി)നമ്പർ 25/2021/ധന ഉത്തരവ് പ്രകാരം അനുവദിച്ച ക്ഷാമബത്ത നിരക്കാണ് ഈ ഉത്തരവിലെ ബോണസ് തുക നിർണയത്തിന് പരിഗണിക്കുന്നതിനായി ബാധകമാക്കിയിട്ടുള്ളത്.

**3.** 31.03.2023-ൽ സർവ്വീസിലുള്ളതും, 2022 - 23 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായ സർവീസുള്ളതുമായ ജീവനക്കാർക്ക് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 31.03.2023-നോ അതിനുമുമ്പോ സർവ്വീസിൽ നിന്നും വിരമിച്ചവരോ അല്ലെങ്കിൽ വിടുതൽ വാങ്ങിയവരോ 2022 - 23 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസം തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവർക്കും ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**4.** 2022-23 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായോ ഭാഗികമായോ സസ്പെൻഷനിലായിരുന്ന സ്ഥിരം ജീവനക്കാർ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്കോ അതിനു മുമ്പോ സർവീസിൽ പുനഃപ്രവേശിക്കുകയും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹമായ അവധിയായോ ക്രമപ്പെടുത്തി ആ കാലയളവിലെ ശമ്പളം പൂർണമായും കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ബോണസ് / പ്രത്യേക ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

5. <u>താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാരും ബോണസിന് അർഹരാണ്.</u>

i) കൃഷി ഫാമുകൾ/സീഡ് ഫാമുകൾ/റീജിയണൽ വർക്ക്ഷോപ്പുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ, സ്ഥിരം ജോലിക്കാർ / തൊഴിലാളികൾ, സീസണൽ വർക്കർ മാർ എന്നിവർ. (വേരിയബിൾ ക്ഷാമബത്ത വാങ്ങുന്ന ജീവനക്കാരുടെ കാര്യത്തിൽ ബോണസ് കണക്കാക്കുന്നതിന് വേരിയബിൾ ക്ഷാമബത്തയും പരിഗണിക്കേണ്ടതാണ്).

ii) 31.03.2023-ൽ സർവ്വീസിലുണ്ടായിരിക്കുകയും 2022-23 സാമ്പത്തിക വർഷത്തിൽ 6 മാസത്തിൽ കുറയാത്ത തുടർച്ചയായ പ്രൊവിഷണൽ സേവനം ഉണ്ടായിരിക്കുകയും പിന്നീട് സേവന ഇടവേള വരാതെ പി.എസ്.സി. മുഖേന റഗുലർ നിയമനം ലഭിച്ച ജീവനക്കാരും / സർക്കാർ സ്കൂളിലേയ്ക്ക് റഗുലർ നിയമനം ലഭിച്ച എയ്ഡഡ് സ്കൂൾ അധ്യാപകരും.

iii) ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ശമ്പളം വാങ്ങുന്ന വിദ്യാഭ്യാസ വകുപ്പിലെ പാർട്ട്ടൈം അധ്യാപകർ.

iv) അന്യത്ര സേവന വ്യവസ്ഥയിൽ കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, എന്നിവയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർ 2022 - 23 വർഷത്തിൽ മാതൃവകുപ്പിൽ 6 മാസത്തിൽ കൂടുതൽ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യഥാവിധി ബോണസിന് / പ്രത്യേക ഉത്സവബത്തയ്ക്ക് അർഹരാണെങ്കിൽ മുൻ ഖണ്ഡിക 3-ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി അവർ മാതൃവകുപ്പിൽ ജോലിയിൽ തുടർന്നിരുന്നുവെങ്കിൽ അനുവദനീയമായ നിരക്കിൽ ഫോറിൻ എംപ്ലോയർ, ബോണസ് / ഉത്സവബത്ത പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

v) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ജോലി നോക്കുന്ന എല്ലാ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരും.

vi) സർക്കാർ പ്രസ്സിലെ ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരം മറ്റു സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ ബോണസ് വാങ്ങുന്നതിനോ അല്ലെങ്കിൽ വ്യാവസായിക തൊഴിലാളികൾക്ക് സാധാരണ അനുവദിച്ചിട്ടുള്ള പെർഫോമൻസ് അലവൻസ് (എക്സ്ഗ്രേഷ്യാ അലവൻസ് ഉൾപ്പെടെയുള്ള) വാങ്ങുന്നതിനോ ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും ഒരു ഓപ്ഷൻ സമർപ്പിച്ച ജീവനക്കാരന് ടി ഓപ്ഷൻ മാറ്റുവാൻ അനുവാദം നൽകുന്നതല്ല.

<u>പ്രത്യേക ഉത്സവബത്ത</u>

6. 2 മുതൽ 5 വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ബോണസിനു യോഗ്യരല്ലാത്ത ജീവനക്കാർക്ക് ചുവടെ പറയുന്ന വ്യത്യസ്ഥ നിരക്കിലുള്ള പ്രത്യേക ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നം. | ജീവനക്കാർ | നിരക്കുകൾ |
|---|---|---|
| I | 1) കഴിഞ്ഞ ഓണാവധിക്കുശേഷം മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫായി ജോലിയിൽ പ്രവേശിച്ചവർ ഉൾപ്പെടെയുള്ള എല്ലാ റഗുലർ / താൽക്കാലിക ജീവനക്കാർ, ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ സർവ്വീസിലുള്ളവർ, 2023 - ലെ നാലാം ഓണത്തിനുമുമ്പ് പി.എസ്.സി. മുഖേന സർവ്വീസിൽ പ്രവേശിക്കുന്ന റഗുലർ ജീവനക്കാർ.<br>2) കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ലെ ആർട്ടിക്കിൾ 250 പ്രകാരം ഓണം അഡ്വാൻസിന് അർഹരായിട്ടുള്ള എയ്ഡഡ്/ സർക്കാർ സ്കൂളുകളിൽ നിന്നും ട്രെയിനിംഗിനു നിയോഗിച്ചിരിക്കുന്ന അധ്യാപകർ.<br>3) റീ എംപ്ലോയ്മെന്റ് ശമ്പളം കൈപ്പറ്റുന്ന റീ എംപ്ലോയ്ഡ് പെൻഷണർമാർ.<br>4) കരാറടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർ, കരാർ / നിർബന്ധിത സേവനം വഴി നിയമിതരായ സീനിയർ റസിഡന്റുമാർ ( Doctors in bonded Service) എന്നിവർ 2022 - 23 സാമ്പത്തിക വർഷത്തിൽ 6 മാസത്തെ തുടർച്ചയായ സർവ്വീസ് പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്കു മുൻപേ വിടുതൽ ചെയ്താലും ആനുകൂല്യത്തിന് അർഹതയുണ്ട്. ഉത്തരവ് നിലവിൽ വന്ന തീയതിയിലും 6 മാസം സർവ്വീസുള്ള കരാറടിസ്ഥാന ജീവനക്കാർ.<br>5) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി നിയമനം ലഭിച്ചതും ഒന്നാം ഓണത്തിനുമുമ്പ് (28.08.2023) സേവനത്തിലുണ്ടായിരിക്കുകയും എന്നാൽ നാലാം ഓണത്തിനുമുമ്പ് (31.08.2023) സേവനം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർ.<br>6) ഡയറക്ട് പേയ്മെന്റ് സിസ്റ്റത്തിന്റെ പരിധിയിൽ വരാത്ത എയ്ഡഡ് ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലെ എല്ലാ അധ്യാപക അധ്യാപകേതര ജീവനക്കാരും.<br>7) ശ്രീചിത്രാ ഹോമിലെ ജീവനക്കാർ.<br>8) സർക്കാർ ആയുർവേദ കോളേജിലെ ' ഹോണററി ഫിസിഷ്യൻമാർ'. | 2750/- |

| | | |
|---|---|---|
| | കുടുംബാസൂത്രണ വോളണ്ടറി വർക്കർമാർ, ട്രെയിൻഡ് ഡയസ് വിഭാഗത്തിലെ കുടുംബാസൂത്രണ വോളണ്ടറി പ്രൊമോട്ടർമാരിൽ നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ. | |
| | 6) എസ്.റ്റി.പ്രൊമോട്ടർമാർ, എസ്.സി.പ്രൊമോട്ടർമാർ. | 1210/- |
| | 7) ഒന്നാം ഓണത്തിനുമുമ്പ് (28.08.2023) സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണത്തിനുമുമ്പ് (31.08.2023) സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നിയമിതയായയരായവർ ഉൾപ്പെടെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർ. ഉത്തരവ് നിലവിൽ വന്ന തീയതിയിലും 6 മാസത്തെ സർവ്വീസ് പൂർത്തിയാകാത്ത ഖണ്ഡിക 6 (I) (4) പരാമർശിച്ചിരിക്കുന്ന ജീവനക്കാരും ഉത്സവബത്തയ്ക്ക് അർഹരാണ്. | |
| | 8) ജീവനക്കാർക്കു പകരക്കാരായി സർക്കാർ വകുപ്പുകൾ, ഫാമുകൾ, പ്രാദേശിക സർക്കാറുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്തുവരുന്ന വ്യക്തികൾ, ജലസേചന വകുപ്പിൽ ഉൾപ്പെടെയുള്ള കാഷ്വൽ ലേബറർമാർ / സി.എൽ.ആർ. വർക്കർമാർ / ജലസേചന വകുപ്പിലെ എച്ച്.ആർ. വർക്കർമാർ എന്നിവർ കഴിഞ്ഞ വർഷം അതായത് കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസമെങ്കിലും ജോലി ചെയ്തിട്ടുണ്ടെങ്കിൽ, ഈ കാലയളവിൽ കുറഞ്ഞത് 200 ദിവസത്തിൽ കുറയാതെ ജോലി ചെയ്താൽ 30 ദിവസത്തെ വേതനത്തിന് തുല്യമായ തുക ബോണസ്സിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ പരമാവധി ബോണസ് 4000/- രൂപയായിരിക്കും. ടി വിഭാഗത്തിൽ ഉൾപ്പെടുന്നവരിൽ 200 ദിവസത്തിൽ താഴെയും എന്നാൽ 30 ദിവസത്തിൽ കുറയാതെയും ജോലി ചെയ്തിട്ടുള്ളവർക്ക് അവർ ജോലി ചെയ്ത ദിവസത്തിന് ആനുപാതികമായ ബോണസിന് അർഹതയുണ്ടായിരിക്കും. അവർക്ക് 1,210/- രൂപയിൽ കുറയാത്ത തുക ബോണസായി നൽകാവുന്നതായിരിക്കും. സേവനം ക്രമപ്പെടുത്തിയിട്ടുള്ള കാഷ്വൽ ലേബറർമാർ / സി.എൽ.ആർ വർക്കർമാർ / എച്ച്.ആർ വർക്കർമാർ എന്നിവരുടെ കാര്യത്തിൽ ബോണസിനുള്ള അർഹതാ കാലയളവ് കണക്കാക്കുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾക്കുപരിയായി സേവനം ക്രമപ്പെടുത്തുന്നതിന് മുമ്പുള്ള കാലയളവും ഉൾപ്പെടുത്തുന്നതാണ്. എന്നിരുന്നാലും, ബോണസിന് അനുവദനീയമായ പരമാവധി തുക 4,000/- ആയിരിക്കും. | |
| | 9) സംസ്ഥാനത്തിന് പുറത്തുള്ള കേരള സർക്കാർ ഓഫീസുകളിലെ ആറു മാസം സേവനം പൂർത്തിയാകാത്ത കരാർ തൊഴിലാളികൾ . | |
| | 10) കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസം ജോലി നോക്കിയിട്ടുള്ളതും | |

| | | |
|---|---|---|
| | 9) സർക്കാർ ആശുപത്രികളിലെ ' ഹോണററി 'സിസ്റ്റർമാർ.<br><br>10) റവന്യൂ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ചെയിന്മാൻമാർ.<br><br>11) സർക്കാർ വകുപ്പുകളിലെ സ്ഥിരം ലേബറർമാർ.<br><br>12) വിവിധ സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാർ എന്നിവയിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ, സംസ്ഥാനത്തിനു പുറത്തുള്ള കേരളസർക്കാർ ഓഫീസിലെ കരാർ തൊഴിലാളികൾ എന്നിവർ. ഇവരിൽ 31.03.2023-ന് ആറുമാസത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുള്ളവർക്കും ബോണസോ പ്രത്യേക ഉത്സവബത്തയോ ഏതെങ്കിലും ഒന്ന് അവകാശപ്പെടാവുന്നതാണ്.<br><br>13) കേരള സീരീസിലെ ഇന്ത്യൻ നിയമ റിപ്പോർട്ടുകളുടെ എഡിറ്റർമാർ, റിപ്പോർട്ടർമാർ.<br><br>14) ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ. | 2750/- |
| II) | 1) ഏക അധ്യാപക വിദ്യാലയങ്ങളിലെയും പെരിപതെറ്റിക് വിദ്യാലയങ്ങളിലെയും അധ്യാപകർ, ആയമാർ.<br><br>2) വിദ്യാലയങ്ങളിലെ (പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഉൾപ്പെടെ) ഉച്ചഭക്ഷണ തൊഴിലാളികൾ. | 1300/- |
| III) | 1) കൃഷി വകുപ്പിന്റെ പട്ടികയിലുള്ള പോളിനേഷൻ വർക്കർമാർ, കൃഷി വകുപ്പിന്റെ പട്ടികയിൽപ്പെട്ടതും, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ മുഖേന നടപ്പിലാക്കി വരുന്ന ' സ്പ്രേയിംഗ് ടു കൺട്രോൾ ലീഫ് റോട്ട് ഡിസീസ് ഓഫ് കോക്കനട്ട് പാംസ്' എന്ന പദ്ധതിയിൽ കൃഷി വകുപ്പിന്റെ നിർദ്ദേശ പ്രകാരം പ്രാദേശിക സർക്കാരുകളിൽ ഇപ്പോൾ ജോലി നോക്കുന്ന വർക്കർമാർ.<br>2) ക്ഷീര വികസന വകുപ്പിലെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർ.<br>3)പബ്ലിക് കൗൺസൽ.<br>4) വിനോദ സഞ്ചാര വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുകൾ / ആഭ്യന്തര വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഹോം ഗാർഡുമാർ.<br>5) കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസം ജോലി ചെയ്തിട്ടുള്ള | 1210/- |

| | | |
|---|---|---|
| | എന്നാൽ സേവനം ക്രമപ്പെടുത്തിയിട്ടില്ലാത്തതുമായ സി.എൽ.ആർ / എച്ച്.ആർ. വർക്കർമാർ.<br>11) അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിലെ വോളണ്ടിയർമാർ.<br>12) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2022 – 23 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 200 മണിക്കൂറെങ്കിലും ജോലി ചെയ്തിട്ടുള്ള ഗസ്റ്റ് ലക്ചറർമാർ / ഇൻസ്ട്രക്ടർമാർ.<br>13) കുഷ്ഠരോഗ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന രോഗബാധിതരായ ജീവനക്കാർ. | 1210/- |
| IV) | 1) ആശാ വർക്കർമാർ<br>2) സാമൂഹിക നീതി വകുപ്പ്, ഗ്രാമ വികസന വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള അംഗൻവാടി, ബാലവാടി അധ്യാപകർക്കും പ്രവർത്തകർക്കും.<br>3)അംഗൻവാടി, ബാലവാടി ഹെൽപർമാർ, ആയമാർ.<br>4) വനിതാ പ്രൊട്ടക്ഷൻ ഉദ്യോഗസ്ഥരെ സഹായിക്കുന്ന മഹിളാ സമാഖ്യ സൊസൈറ്റിയിലെ പ്രത്യേക ദൂതന്മാർ.<br>5) കിഷോരി ശക്തി യോജന സ്കൂൾ കൗൺസലർമാർ.<br>6)പാലിയേറ്റീവ് കെയർ നഴ്സുമാർ.<br>7)ബഡ്സ് സ്കൂൾ അധ്യാപകരും ജീവനക്കാരും. | 1200/- |
| V | സ്കൂൾ കൗൺസലർമാർ | 1140/- |
| VI | 1) എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫ്<br>2)പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ഓണറേറിയം പറ്റുന്ന അധ്യാപകർ, ആയമാർ<br><br>3) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്ഥാപനങ്ങളിലെ അധ്യാപകർ. | 1100/- |
| VII | 1) പ്രേരക്മാർ, അസിസ്റ്റന്റ് പ്രേരക്മാർ<br>2)അംഗൻവാടി / ബാലവാടി കൺവീനർമാർ, ഗ്രാമവികസന വകുപ്പിലെ അപ്ഗ്രേഡഡ് റഗുലർ ഫീഡിംഗ് കേന്ദ്രങ്ങളിലെ ഫീഡിംഗ് കൺവീനർമാർ.<br>3) ഏകീകൃത (consolidated) വേതനം ലഭിക്കുന്ന സ്വീപ്പർമാർ<br>4) ആയുർവേദ ആശുപത്രികളിലെ കഷായ ജീവനക്കാർ<br>5) സ്പെഷ്യൽ സ്കൂളിലെ അധ്യാപക അധ്യാപകേതര ജീവനക്കാർ.<br>6) വിവിധ സംസ്ഥാന /കേന്ദ്രവിഷ്കൃത പ്രോജക്ടുകളിൽ പ്രവർത്തിയെടുക്കുന്ന ജീവനക്കാർ ( മുൻ ഖണ്ഡികകളിൽ പ്രതിപാദിക്കപ്പെടാത്തവർ)<br>7) മുകളിൽ 3-ാം ഖണ്ഡികയിലും, 2750/-രൂപാ നിരക്കിലും പ്രത്യേക ഉത്സവബത്തയ്ക്ക് അർഹതയില്ലാത്ത സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ/ പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർ.<br>8)കുടുംബപെൻഷൻകാർ,<br>9)പ്രോ-റേറ്റാ പെൻഷൻകാർ,<br>10)പ്രോ-റേറ്റാ കുടുംബപെൻഷൻകാർ, | 1000/- |

| | | |
|---|---|---|
| | 11) എക്സ്ഗ്രേഷ്യാ പെൻഷൻകാർ,<br>12) എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻകാർ ,<br>13) പാർട്ട്ടൈം കണ്ടിജന്റ് പെൻഷൻകാർ ,<br>14) പാർട്ട്ടൈം കണ്ടിജന്റ് കുടുംബപെൻഷൻകാർ,<br>15) പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ,<br>16)പേഴ്സണൽ സ്റ്റാഫ് കുടുംബ പെൻഷൻകാർ,<br>17)കമ്പാഷണേറ്റ് അലവൻസ് പെൻഷൻകാർ ,<br>18)സർവ്വീസിൽ നിന്നും വിരമിച്ച കുഷ്ഠരോഗ ബാധിതരായ ജീവനക്കാർ ,<br>19)ഇൻവാലിഡ് പെൻഷൻകാർ ,<br>20)യു.ജി.സി.പെൻഷൻകാർ,<br>21)യു.ജി.സി.കുടുംബ പെൻഷൻകാർ | 1000/- |

കുറിപ്പ്:- മുകളിൽ ഖണ്ഡിക VII - ലെ 7 മുതൽ 21 വരെ പ്രതിപാദിക്കുന്ന വിഭാഗത്തിലുള്ള പെൻഷണർക്ക് പ്രത്യേക ഉത്സവബത്തയിൽ ഏതെങ്കിലും ഒന്നിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**7. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് ബോണസ് / പ്രത്യേക ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.**

i) മറ്റേതെങ്കിലും ബോണസ് ആക്ട് / ആക്ടിന്റെ പരിധിയിൽപ്പെട്ട ബോണസിനോ എക്സ്ഗ്രേഷ്യയ്ക്കോ അതുപോലുള്ള മറ്റ് ആനുകൂല്യങ്ങൾക്കോ യോഗ്യരായിട്ടുള്ളവർ.

ii) 31.03.2022 തീയതിയിൽ കേരള സർവീസ് റൂൾസിലെ അപ്പെന്റിക്സ് XII പ്രകാരം വിദേശത്തോ ഇന്ത്യയിലോ ജോലി നേടുന്നതിനോ, അല്ലെങ്കിൽ " ജോയിനിംഗ് സ്പൗസ്" എന്നതിനോ ശൂന്യവേതനാവധിയിലായിരുന്നവർ.

8. i) 31.03.2024 -ന് മുമ്പ് ബോണസ് / പ്രത്യേക ഉത്സവബത്ത പിൻവലിക്കേണ്ടതാണ്. അതാത് വ്യക്തികളുടെ ശമ്പളവും ബത്തകളും / വേതനം / പെൻഷൻ എന്നിവ ഏത് കണക്ക് ശീർഷകത്തിൽ നിന്നാണോ മാറുന്നത് അതേ കണക്ക് ശീർഷകത്തിൽ നിന്നുതന്നെ ഈ ഇനത്തിലുള്ള ചെലവും വഹിക്കേണ്ടതാണ്. പ്രാദേശിക സർക്കാറുകളിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ബോണസ് / പ്രത്യേക ഉത്സവബത്തയിനത്തിലുള്ള ചെലവ് അതാത് പ്രാദേശിക സർക്കാറുകൾ, ശമ്പളം / വേതനം നൽകുന്ന ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ii)ഒരു ജീവനക്കാരന് ബോണസ്സ് ഉത്സവബത്ത ഇവയ്ക്ക് ഒന്നിനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. അതുപോലെ വിരമിച്ച ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ഒന്നിൽക്കൂടുതൽ ഉത്സവബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

9. ജീവനക്കാരുടെയും പെൻഷൻകാരുടെയും 2022 - 23 - ലെ ബോണസ് / പ്രത്യേക ഉത്സവബത്തയുടെ വിതരണം 21-08-2023 തീയതി മുതൽ ആരംഭിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി.**
ധനകാര്യ അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)കേരളം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ / അഡീഷണൽ സെക്രട്ടറിമാർ / ജോയിന്റ് സെക്രട്ടറിമാർ / ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരളം, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ. ഗവൺമെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് (എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), മുംബൈ.
എല്ലാ ദേശസാത്കൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.
ചീഫ് റീജിയണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
ചീഫ് മാനേജർ, ധനകാര്യ അക്കൗണ്ട്സ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
റീജിയണൽ മാനേജർ, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം, എറണാകുളം.
അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
സീനിയർ മാനേജർ, കാനറാ ബാങ്ക്, തിരുവനന്തപുരം.
സീനിയർ മാനേജർ, സർക്കിൾ ഓഫീസ് (അനക്സ്), കാനറാ ബാങ്ക്, തിരുവനന്തപുരം.
ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, തിരുവനന്തപുരം.
മാനേജർ, സോണൽ ഓഫീസ്, ഇൻഡ്യൻ ബാങ്ക്, എം.ജി.റോഡ്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, വിജയ ബാങ്ക്, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് ട്രഷറീസ്, കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തമിഴ് നാട്, ചെന്നൈ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആന്ധ്രാപ്രദേശ്, ഹൈദരാബാദ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കർണ്ണാടക, ബാംഗ്ലൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), മഹാരാഷ്ട്ര, മുംബൈ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), രാജസ്ഥാൻ, ജയ്പൂർ.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), മിസോറാം, ഐസ്വാൾ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഗുജറാത്ത്, അഹമ്മദാബാദ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഹരിയാന, ചണ്ഡീഗഡ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ജമ്മു & കാശ്മീർ, ശ്രീനഗർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), അരുണാചൽ പ്രദേശ്, ഇറ്റാനഗർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഗോവ, പനാജി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഹിമാചൽ പ്രദേശ്, സിംല.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), മധ്യപ്രദേശ്, ഗ്വാളിയർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഒറീസ്സ, ഭുവനേശ്വർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഉത്തർപ്രദേശ്, അലഹബാദ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ബീഹാർ, പാറ്റ്ന.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), പശ്ചിമ ബംഗാൾ, കൊൽക്കത്ത.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഉത്തരാഞ്ചൽ, ഡെറാഡൂൺ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആസ്സാം, ദിസ്പൂർ, ഗുഹാവത്തി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), മണിപ്പൂർ, ഇംഫാൽ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ത്രിപുര, അഗർത്തല.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഛത്തീസ്ഗഡ്, റായ്പൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), നാഗാലാന്റ്, കൊഹിമ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), സിക്കിം, ഗാങ്ടോക്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), മേഘാലയ, ഷില്ലോങ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഝാർഖണ്ഡ്, റാഞ്ചി
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, പോണ്ടിച്ചേരി.
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, ഡൽഹി അഡ്മിനിസ്ട്രേഷൻ, വികാസ് ഭവൻ, ന്യൂഡൽഹി.
നോഡൽ ഓഫീസർ, ധനകാര്യം (www.finance.kerala.gov.in)
കരുതൽ കോപ്പി / ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Omana

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട്ടൈം കണ്ടിജന്റ് എംപ്ലോയീസ്, എൻ.എം.ആർ/സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും 2023- ലെ ഓണം അഡ്വാൻസ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ(അച്ചടി)നം. 86/2023/ധന** **തിരുവനന്തപുരം, തീയതി : 16/08/2023**

പരാമർശം:- 30.08.2022 - ലെ സ.ഉ.(അച്ചടി) നമ്പർ 100/2022/ധന.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ് എന്നിവരുടെ പേർസണൽ സ്റ്റാഫിനും 2023 - ലെ ഓണം അഡ്വാൻസായി 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. അഡ്വാൻസായി കുറഞ്ഞ തുക ആവശ്യമുള്ള ജീവനക്കാർക്ക് ആയിരത്തിന്റെ ഗുണിതങ്ങളായ തുകയായും പരമാവധി 20,000/- രൂപയിൽ നിജപ്പെടുത്തി അനുവദിച്ച് നൽകാവുന്നതാണ്. അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യാവുന്നതും അഞ്ച് തുല്യമാസ ഗഡുക്കളായി 2023 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതുമാകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 250 (1) - ലെ 1 മുതൽ 3 വരെ കുറിപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന ജീവനക്കാർക്ക് 6,000/- രൂപ (ആറായിരം രൂപ മാത്രം) നിരക്കിൽ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുന്നു.

1. പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ.
2. എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ / സി.എൽ.ആർ / സീസണൽ വർക്കർമാർ / കൃഷി ഫാമുകളിലെ സ്ഥിരം വർക്കർമാർ.
3. സർക്കാർ വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾ.
4. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റീജിയണൽ വർക്ക്ഷോപ്പുകളിലെ വർക്കർമാർ, ആലപ്പുഴയിലെ ഡ്രെഡ്ജർ ആന്റ് ഡ്രൈ-ഡോക്കിലെ വർക്കർമാർ.
5. കുടുംബാസൂത്രണ വോളണ്ടിയർ വർക്കർമാർ.

6. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ.

7. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവിടങ്ങളിലെ സ്ഥിരം അല്ലാത്ത വർക്കർമാർ, ബന്ധപ്പെട്ട ലോക്കൽ ബോഡികൾ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാർ.

8. മൗണ്ടഡ് പോലീസ് വിംഗിലെ ഗ്രാസ്സ് കട്ടർമാർ.

തൊഴിലാളികൾക്ക് നാളിതുവരെ അനുവദിച്ച എല്ലാ അഡ്വാൻസുകളും പൂർണമായും തിരികെ ഈടാക്കിയിട്ടുള്ള പക്ഷം ബന്ധപ്പെട്ട ലേബർ യൂണിയന്റെ ഉറപ്പിന്മേൽ സ്ഥിരം ജോലിക്കാരുടെയോ സ്ഥിരമല്ലാത്ത ജോലിക്കാരുടെയോ കൂട്ടുത്തരവാദിത്വത്തിലായിരിക്കണം ഒരേ ഫാമിലെ തന്നെ ജോലിക്കാർക്ക് അഡ്വാൻസ് അനുവദിച്ചു നൽകേണ്ടത്.

3. അഡ്വാൻസ് തിരിച്ചടവ് കാലയളവിൽ അതത് ഫാം / ലോക്കൽ ബോഡിയിൽത്തന്നെ ജോലിയിൽ തുടരും എന്നുറപ്പുള്ള ജോലിക്കാർക്ക് മാത്രം അഡ്വാൻസ് അനുവദിക്കേണ്ടതാണ്. കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാരുടെ അഡ്വാൻസ് തിരിച്ചടവ് നടത്തേണ്ടത് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതാത് ലോക്കൽ ബോഡികളായിരിക്കും.

4. ലോക്കൽ ബോഡികളിലെ അതത് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ്, പഞ്ചായത്ത് എന്നിവിടങ്ങളിലെ സമാന വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി ലോക്കൽ ബോഡികളുടെ സാമ്പത്തികശേഷിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് അഡ്വാൻസ് അനുവദിക്കുന്ന കാര്യം ബന്ധപ്പെട്ട ലോക്കൽ ബോഡികൾക്ക് തന്നെ തീരുമാനിക്കാവുന്നതാണ്.

5. ഖണ്ഡിക 2 ൽ (1) മുതൽ (7) വരെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അഞ്ച് തുല്യ മാസ ഗഡുക്കളായും ആഴ്ചതോറും വേതനം കൈപ്പറ്റുന്ന എട്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 21 ആഴ്ച ഗഡുക്കളായും അഡ്വാൻസ് തുക തിരിച്ച് പിടിക്കേണ്ടതാണ്.

6. 21-08-2023 മുതൽ അഡ്വാൻസ് തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്. ഓണത്തിനുശേഷം ഓണം അഡ്വാൻസ് അനുവദിക്കാൻ പാടുള്ളതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രദീപ് കുമാർ.ബി**
**ധനകാര്യ അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),കേരളം തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.**
**എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.**
**സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾ, സെക്ഷനുകൾക്ക്.**
**സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.**

എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ / അഡീഷണൽ സെക്രട്ടറിമാർ / ജോയിന്റ് സെക്രട്ടറിമാർ / ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർക്ക്.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യം. (www.finance.kerala.gov.in)
കരുതൽ കോപ്പി / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Amana

സെക്ഷൻ ഓഫീസർ